**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6264** **10-07-2024 - ൽ മറുപടിയ്ക്ക്**

**അഴിമുഖത്ത് രൂപപ്പെട്ട മണൽ നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടലുണ്ടിക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന് സമീപം അഴിമുഖത്ത് രൂപപ്പെട്ട മണൽ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കടലുണ്ടിക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിനു സമീപം അഴിമുഖത്ത് രൂപപ്പെട്ട മണൽ നീക്കം ചെയ്യുന്നതിന് 5 കോടി രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ കലക്ടർക്ക് സമർപ്പിച്ചിരുന്നു. പിന്നീട് കടലുണ്ടിപ്പുഴയിൽ നിന്നും മണൽ പുറത്തുകൊണ്ടുപോകുന്നതിന് അനുമതി ലഭ്യമല്ലാത്തതിനാൽ പുഴയിൽ തന്നെ മണൽ മാറ്റി നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കളക്ടർ ആവശ്യപ്പെട്ടത് പ്രകാരം 44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | അഴിമുഖത്ത് മണ്ണും ചെളിയും അടിഞ്ഞുകൂടി കടലുണ്ടി പുഴയുടെ നീരൊഴുക്ക് പൂർണ്ണമായും തടസ്സപ്പെട്ടത് കാരണം പുഴയോരത്തെ വീടുകൾക്കുണ്ടായ നാശനഷ്ടത്തിന് സാമ്പത്തിക സഹായം നൽകുമോ; വ്യക്തമാക്കാമോ? | (ബി) | അഴിമുഖത്ത് മണ്ണും ചെളിയും അടിഞ്ഞുകൂടി കടലുണ്ടി പുഴയുടെ നീരൊഴുക്ക് പൂർണ്ണമായും തടസ്സപ്പെട്ട അവസ്ഥ നിലനിൽക്കുന്നില്ലെങ്കിലും പലപ്പോഴും സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്താറുണ്ട്. ഇതുമൂലം പുഴയോരത്തെ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതായി ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ